“അല്ലാഹുവിൻെറ മതമല്ലാത്ത മറ്റ് വല്ല മതവുമാണോ അവർ ആഗ്രഹിക്കുന്നത്? (വാസ്തവത്തിൽ) ആകാശ ങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം അനുസരണയോടെ യോ നിർബന്ധിതമായോ അവന് കീഴ്പ്പെട്ടിരിക്കുകയാ ണ് (ഇസ്ലാം സ്വീകരിച്ചിരിക്കുന്നു). അവനിലേക്ക് തന്നെയാണ് അവർ മടക്കപ്പെടുന്നതും” (വിശുദ്ധ ഖുർ ആൻ 3:83).

“തീർച്ചയായും അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ് ലാം ആകുന്നു. വേദഗ്രന്ഥം നൽകപ്പെട്ടവർ തങ്ങൾക്ക് (മതപരമായ) അറിവ് വന്നുകിട്ടിയശേഷം തന്നെയാണ് ഭിന്നിച്ചത്. അവർ തമ്മിലുള്ള കക്ഷിമാത്സര്യം നിമിത്ത മത്രെ അത്. വല്ലവരും അല്ലാഹുവിൻെറ തെളിവുകൾ നിഷേധിക്കുന്നുവെങ്കിൽ അല്ലാഹു അതിവേഗം കണ ക്ക് ചോദിക്കുന്നവനാകുന്നു” (വിശുദ്ധ ഖുർആൻ 3:19).



## പ്രവാചകന്മാരുടെയെല്ലാം മതം

“മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. അനന്തരം (അവർ ഭിന്നിച്ചപ്പോൾ വിശ്വാസികൾക്ക്) സന്തോഷ വാർത്ത അറിയിക്കുവാനും (നിഷേധികൾക്ക്) താക്കീത് നൽകുവാനുമായി അല്ലാഹു പ്രവാചകന്മാരെ നിയോഗി ച്ചു. അവർ (ജനങ്ങൾ) ഭിന്നിച്ച വിഷയത്തിൽ തീർപ്പ് കൽപിക്കുവാനായി അവരുടെ കൂടെ സത്യവേദവും അവൻ അയച്ചുകൊടുത്തു. എന്നാൽ വേദം നൽകപ്പെട്ട വർതന്നെ വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിനു ശേഷം അതിൽ (വേദവിഷയത്തിൽ) ഭിന്നിച്ചിട്ടുള്ളത് അവർ തമ്മിലുള്ള മാത്സര്യം മൂലമല്ലാതെ മറ്റൊന്നു കൊണ്ടുമല്ല. എന്നാൽ ഏതൊരു സത്യത്തിൽനിന്ന് അവർ ഭിന്നിച്ച് അകന്നുവോ ആ സത്യത്തിലേക്ക് അല്ലാ ഹു തൻെറ താൽപര്യപ്രകാരം സത്യവിശ്വാസികൾക്ക് വഴികാണിച്ചു. താൻ ഉദ്ദേശിക്കുന്നവരെ അല്ലാഹു ശരി യായ പാതയിലേക്ക് നയിക്കുന്നു” (വിശുദ്ധ ഖുർആൻ: 2:213).

(നബിയേ) പറയുക; അല്ലാഹുവിലും ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും (ഖുർആൻ) ഇബ്രാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്കൂബ്, യഅ്കൂബ് സ ന്തതികൾ എന്നിവർക്ക് അവതരിപ്പിക്കപ്പെട്ട (ദിവ്യസ



ന്ദേശ)ത്തിലും മൂസാക്കും ഈസാക്കും മറ്റ് പ്രവാചക ന്മാർക്കും തങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് നൽകപ്പെ ട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർ ക്കിടയിലും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല. ഞങ്ങൾ മുസ്ലിംകളാവുന്നു (അല്ലാഹുവിന് കീഴ്പ്പെ ട്ടവരാകുന്നു)” (വിശുദ്ധ ഖുർആൻ: 3:84).

## മുസ്ലിംകൾ

“സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ദാന ധർമങ്ങൾ ചെയ്യുകയും കോപം ഒതുക്കിവെക്കുകയും മനുഷ്യർക്ക് മാപ്പ് നൽകുകയും ചെയ്യുന്നവർക്കുവേണ്ടി (അത്തരം) സൽകർമകാരികളെ അല്ലാഹു സ്നേഹിക്കു ന്നു. വല്ല നീചകൃത്യവും ചെയ്തുപോയാൽ അഥവാ സ്വന്തത്തോട് തന്നെ വല്ല ദ്രോഹവും ചെയ്തുപോ യാൽ അല്ലാഹുവെ ഓർക്കുകയും തങ്ങളുടെ പാപങ്ങ ൾക്ക് മാപ്പ് തേടുകയുംചെയ്യുന്നവർക്കുവേണ്ടി- പാപ ങ്ങൾ പൊറുക്കുവാൻ അല്ലാഹു അല്ലാതെ ആരാണുള്ള ത്?- ചെയ്തുപോയ (ദുഷ്)പ്രവൃത്തിയിൽ അറിഞ്ഞു കൊണ്ട് ഉറച്ചുനിൽക്കാത്തവരുമാകുന്നു അവർ. അത്ത രക്കാർക്കുള്ള പ്രതിഫലം തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും താഴ്ഭാഗത്തുകൂടി അരുവി

കൾ ഒഴുകുന്ന സ്വർഗതോപ്പുകളുമാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും. പ്രവൃത്തിക്കുന്നവർക്ക് ലഭിക്കുന്ന പ്രതിഫലം എത്ര നന്നായിരിക്കുന്നു" (വിശുദ്ധ ഖുർആൻ: 3:134–136).

"നിങ്ങളുടെ മുഖങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കുക എന്നതല്ല പുണ്യം. എന്നാൽ അല്ലാഹുവിലും അന്ത്യദിനത്തിലും മലക്കുകളിലും വേദഗ്രന്ഥത്തിലും പ്രവാചകന്മാരിലും വിശ്വസിക്കുകയും സ്വത്തിനോട് പ്രിയം ഉണ്ടായിട്ടും അത് ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും വഴിപോക്കനും ചോദിച്ച് വരുന്നവർക്കും അടിമ മോചനത്തിനും നൽകുകയും പ്രാർഥന (നമസ്കാരം) മുറപ്രകാരം നിർവഹിക്കുകയും സകാത്ത് നൽകുകയും കരാറിൽ ഏർപ്പെട്ടാൽ അത് നിറവേറ്റുകയും വിഷമതകളും ദുരിതങ്ങളും നേരിടുമ്പോഴും യുദ്ധരംഗത്തും ക്ഷമകൈക്കൊള്ളുകയും ചെയ്തവരാരോ അവരാകുന്നു പുണ്യവാന്മാർ. അവരാകുന്നു സത്യം പാലിച്ചവർ. അവർ തന്നെയാകുന്നു (ദോഷബാധയെ )സൂക്ഷിച്ചവർ" (വിശുദ്ധ ഖുർആൻ: 2:177).

"മഹാപാപങ്ങളും നീചവൃത്തികളും വർജിക്കുന്നവരും കോപം വന്നാലും പൊറുക്കുന്നവരുമായിട്ടുള്ളവർ" (വിശുദ്ധ ഖുർആൻ: 42:37).



മുഹമ്മദ് നബി (സ) പറഞ്ഞു: "സ്വന്തത്തിന് ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനെ ഇഷ്ടപ്പെടുന്നതുവരെ നിങ്ങൾ ആരും യഥാർഥ വിശ്വാസിയാവുകയില്ല" (ബുഖാരി, മുസ്‌ലിം).

## നന്മ കൽപിക്കുക, തിന്മ വിരോധിക്കുക

"നന്മയിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽനിന്ന് ഉണ്ടാകട്ടെ. അവരത്രെ വിജയികൾ (വി.ഖു. 3:104).

"മനുഷ്യവംശത്തിനുവേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമ സമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു'' (വിശുദ്ധ ഖുർആൻ: 3:110)

## തിന്മയെ നന്മകൊണ്ട് തടയുക

"നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അതുകൊണ്ട് നീ (തിന്മയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോണമാ



യിത്തീരുന്നു. ക്ഷമ കൈക്കൊണ്ടവർക്കല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല. വമ്പിച്ച ഭാഗ്യം ഉള്ളവനല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല" (വിശുദ്ധ ഖുർആൻ: 41:34, 35).

## ക്ഷമിക്കുക

"കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുകതന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക. തങ്ങൾക്ക് വല്ല ആപത്തും ബാധിച്ചാൽ അവർ (ആ ക്ഷമാശീലർ) പറയുന്നത്, 'ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവങ്കലേക്കുതന്നെ മടങ്ങേണ്ടവരുമാണ്' എന്നായിരിക്കും. അവർക്കത്രെ തങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് അനുഗ്രഹവും കാരുണ്യവും ലഭിക്കുന്നത്. അവരത്രെ സന്മാർഗം പ്രാപിച്ചവർ (വിശുദ്ധ ഖുർആൻ: 2:155–57).

"തീർച്ചയായും നിങ്ങളുടെ സ്വത്തുകളിലും ശരീരങ്ങളിലും നിങ്ങൾ പരീക്ഷിക്കപ്പെടുന്നവരാണ്. നിങ്ങൾക്ക് മുമ്പ് വേദം നൽകപ്പെട്ടവരിൽനിന്നും ബഹുദൈവാരാധകരിൽനിന്നും നിങ്ങൾക്ക് ധാരാളം കുത്തുവാക്കുകൾ



കേൾക്കേണ്ടിവരികയും ചെയ്യും. നിങ്ങൾ ക്ഷമിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നുവെങ്കിൽ തീർച്ചയായും അത് ദൃഢനിശ്ചയം ചെയ്യപ്പെടുന്ന കാര്യങ്ങളിൽപെട്ടതാകുന്നു" (വിശുദ്ധ ഖുർആൻ: 3:186).

## നീതിപാലിക്കുക

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവർ എന്ന നിലയിൽ കണിശമായി നീതി നിലനിർത്തുന്നവരായിരിക്കണം. അത് നിങ്ങൾക്ക് തന്നെയോ നിങ്ങളുടെ മാതാപിതാക്കൾ, അടുത്ത ബന്ധുക്കൾ എന്നിവർക്കോ പ്രതികൂലമായിത്തീർന്നാലും ശരി. (കക്ഷി) ധനികനോ ദരിദ്രനോ ആകട്ടെ. ആ രണ്ട് വിഭാഗത്തോടും കൂടുതൽ ബന്ധപ്പെട്ടവൻ അല്ലാഹുവാകുന്നു. അതിനാൽ നിങ്ങൾ നീതിപാലിക്കാതെ തന്നിഷ്ടങ്ങളെ പിൻപറ്റരുത്. നിങ്ങൾ വളച്ചൊടിക്കുകയോ ഒഴിഞ്ഞുമാറുന്നതോ ചെയ്യുന്നപക്ഷം തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ചെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു അല്ലാഹു" (വിശുദ്ധ ഖുർആൻ 4:135).

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനുവേണ്ടി നിലകൊള്ളുന്നവരും നീതിക്ക് സാക്ഷ്യം വഹിക്കുന്ന

വരുമായിരിക്കുക. ഒരു ജനതയോടുള്ള അമർഷം നീതി പാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്. നിങ്ങൾ നീതിപാലിക്കുക. അതാണ് ധർമനിഷ്ഠയോട് ഏറ്റവും അടുത്തത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക, തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റിയെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു" (വിശുദ്ധ ഖുർആൻ: 5:8)

## ദുർവൃത്തികൾ വെടിയുക

''സത്യവിശ്വാസികളേ, ഒരു ജനവിഭാഗവും മറ്റൊരു ജനവിഭാഗത്തെ പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്നവർ) അവരേക്കാൾ നല്ലവരായിരുന്നേക്കാം. ഒരു വിഭാഗം സ്ത്രീകൾ മറ്റൊരു വിഭാഗം സ്ത്രീകളേയും പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്ന സ്ത്രീകൾ) മറ്റവരേക്കാൾ നല്ലവരായിരുന്നേക്കാം. നിങ്ങൾ അന്യോന്യം കുത്തുവാക്ക് പറയരുത്. നിങ്ങൾ പരിഹാസ്യപേരുകൾ വിളിച്ച് പരസ്പരം അപമാനിക്കുകയും ചെയ്യരുത്. സത്യവിശ്വാസം കൈക്കൊണ്ടതിനുശേഷം അധാർമികമായ പേര് (വിളിക്കുന്നത്) എത്ര ചീത്ത! വല്ലവനും പശ്ചാത്തപിക്കാത്തപക്ഷം അത്തരക്കാർ തന്നെയാകുന്നു അക്രമികൾ. സത്യവിശ്വാസികളേ, ഊഹ


ത്തിൽനിന്ന് മിക്കതും നിങ്ങൾ വെടിയുക. തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു. നിങ്ങൾ ചാരവൃത്തി നടത്തുകയും അരുത്. നിങ്ങളിൽ ചിലർ ചിലരെപ്പറ്റി ദുഷിച്ച് പറയുകയും അുത്. തൻെറ സഹോദരൻ മരിച്ചുകിടക്കുമ്പോൾ അവൻെറ മാംസം ഭക്ഷിക്കുവാൻ നിങ്ങളിൽ ആരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അ ത് (ശവം തിന്നുന്നത്) നിങ്ങൾ വെറുക്കുകയാണ് ചെയ്യുന്നത്. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക, തീർച്ചയാ യും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും ക രുണാനിധിയുമാകുന്നു" (വിശുദ്ധ ഖുർആൻ: 49:11,12).

## വർഗീയത പാടില്ല

"ഹേ, മനുഷ്യരേ തീർച്ചയായും നിങ്ങളെ നാം ഒരാണിൽനിന്നും ഒരു പെണ്ണിൽനിന്നും സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ അന്യോന്യം അറിയുന്നതിന് വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിൻെറ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു (വിശു


ദ്ധ ഖുർആൻ: 49:13).

'വർഗീയതയിലേക്ക് ക്ഷണിക്കുന്നവരും വർഗീയതക്കുവേണ്ടി സമരം ചെയ്യുന്നവരും വർഗീയതക്കുവേണ്ടി മരിക്കുന്നവരും നമ്മിൽപെട്ടവരല്ല' (അബൂദാവൂദ്)

'ദൈവദൂതരേ, എന്താണ് വർഗീയത? ഒരു അനുചരൻ ചോദിച്ചു. മുഹമ്മദ് നബി (സ) മറുപടി പറഞ്ഞു. സ്വന്തം ആളുകളെ അന്യായത്തിൽ പിന്തുണക്കലാണ് വർഗീയത' (അബൂദാവൂദ്)

മുഹമ്മദ് നബി (സ) തൻെറ അന്തിമ പ്രസംഗത്തിൽ പറഞ്ഞു: "മനുഷ്യരെ നിങ്ങളുടെയെല്ലാം ദൈവം ഒന്ന്. നിങ്ങളുടെ പിതാവും ഒരാൾ തന്നെ. നിങ്ങളെല്ലാം ആദമിൽനിന്ന്. ആദമോ മണ്ണിൽനിന്ന്. കൂടുതൽ ദൈവഭക്തിയുള്ളവരാണ് അല്ലാഹുവിൻെറയടുക്കൽ ശ്രേഷ്ഠൻ. അറബിക്ക് അനറബിയെയോ അനറബിക്ക് അറബിയെക്കാളോ ഭയഭക്തികൊണ്ടല്ലാതെ യാതൊരു മഹത്വവുമില്ല''.

## അക്രമം പാടില്ല

"തീർച്ചയായും അല്ലാഹു കൽപിക്കുന്നത് നീതി പാലിക്കുവാനും നന്മ ചെയ്യുവാനും കുടുംബന്ധമുള്ളവർക്ക് (സഹായം) നൽകുവാനുമാണ്. അവൻ വിലക്കുന്ന


ത് നീചവൃത്തിയിൽനിന്നും ദുരാചാരത്തിൽനിന്നും അതിക്രമത്തിൽനിന്നുമാണ്. നിങ്ങൾ ചിന്തിച്ച് ഗ്രഹിക്കുവാൻവേണ്ടി അവൻ നിങ്ങൾക്ക് ഉപദേശം നൽകുന്നു" (വിശുദ്ധ ഖുർആൻ: 16:90).

"മുഹമ്മദ് നബി (സ) പറഞ്ഞു: 'നിൻെറ സഹോദരൻ അക്രമിയായാലും അക്രമത്തിനിരയായാലും നീ അവനെ സഹായിക്കുക' ഇത് കേട്ട ഒരാൾ ചോദിച്ചു: 'ദൈവദൂതരേ, അക്രമത്തിന് ഇരയാകുമ്പോൾ അവനെ സഹായിക്കാൻ എനിക്കറിയാം. എന്നാൽ അക്രമിയായാൽ എങ്ങനെയാണ് ഞാൻ അവനെ സഹായിക്കുക?' നബി (സ) പ്രതിവചിച്ചു: 'അക്രമത്തിൽനിന്ന് നീ അവനെ തടയണം. അങ്ങനെയാണ് നീ അവനെ സഹായിക്കേണ്ടത്' (ബുഖാരി, മുസ്‌ലിം)

## മതത്തിൽ നിർബന്ധമില്ല

"മതത്തിൻെറ കാര്യത്തിൽ ബലപ്രയോഗമേ ഇല്ല. സന്മാർഗം ദുർമാർഗത്തിൽനിന്ന് വ്യക്തമായി വേർതിരിഞ്ഞ് കഴിഞ്ഞിരിക്കുന്നു. ആകയാൽ ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടിപ്പോവു

കയേ ഇല്ല. അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു" (വിശുദ്ധ ഖുർആൻ: 2:256)

"പറയുക, സത്യം നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ളതാകുന്നു. അതിനാൽ ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ. ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ" (വിശുദ്ധ ഖുർആൻ: 18:29)

"അതിൽ (നബിയേ) നീ ഉത്ബോധിപ്പിക്കുക. നീയൊരു ഉത്ബോധകൻ മാത്രമാകുന്നു. നീ അവരുടെ മേൽ അധികാരം ചെലുത്തേണ്ടവനല്ല". (വിശുദ്ധ ഖുർആൻ: 88:21, 22).

"യുക്തിദീക്ഷയോടുകൂടിയും സദുപദേശം മുഖേനയും നിൻെറ രക്ഷിതാവിൻെറ മാർഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളുക. ഏറ്റവും നല്ല രീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക. തീർച്ചയായും നിൻെറ രക്ഷിതാവ് തൻെറ മാർഗംവിട്ട് പിഴച്ചുപോയവരെപറ്റി നല്ലവണ്ണം അറിയുന്നവനത്രെ. സന്മാർഗം പ്രാപിച്ചവരെപ്പറ്റിയും അവൻ നല്ലവണ്ണം അറിയുന്നവനത്രെ" (വിശുദ്ധ ഖുർആൻ: 16:125).

## അമുസ്ലിംകൾ

"മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കു



കയും നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങൾ അവർക്ക് നന്മ ചെയ്യുന്നതും നിങ്ങൾ അവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതിപാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു. മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യുകയും നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ പുറത്താക്കുകയും നിങ്ങളെ പുറത്താക്കുന്നതിൽ പരസ്പരം സഹകരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ച് മാത്രമാണ്- അവരോട് മൈത്രി കാണിക്കുന്നത്- അല്ലാഹു നിരോധിക്കുന്നത്. വല്ലവരും അവരോട് മൈത്രീബന്ധം പുലർത്തുന്നപക്ഷം അവർ തന്നെയാകുന്നു അക്രമകാരികൾ (വി.ഖു. 60:8-9).

'മുഹമ്മദ് നബി (സ) പറഞ്ഞു: സൂക്ഷിച്ചുകൊള്ളുക, അമുസ്ലിം പൗരന്മാരെ വല്ലവരും അടിച്ചമർത്തുകയോ അവരുടെമേൽ കഴിവിനതീതമായ നികുതിഭാരം ചുമത്തുകയോ അവരോട് ക്രൂരമായി പെരുമാറുകയോ അവരുടെ അവകാശങ്ങൾ വെട്ടിക്കുറക്കുകയോ ചെയ്യുകയാണെങ്കിൽ അന്ത്യനാളിൽ അവർക്കെതിരെ ഞാൻ സ്വയംതന്നെ പരാതി ബോധിപ്പിക്കുന്നതാണ്' (അബൂദാവൂദ്)



## കൊലപാതകം കൊടുംപാതകം

"അല്ലാഹു പവിത്രത നൽകിയിട്ടുള്ള ജീവനെ ന്യായപ്രകാരമല്ലാതെ നിങ്ങൾ ഹനിക്കരുത്" (വി.ഖു. 17:33).

"മറ്റൊരാളെ കൊന്നതിന് പകരമായോ ഭൂമിയിൽ കുഴപ്പം ഉണ്ടാക്കിയതിൻെറ പേരിലോ അല്ലാതെ വല്ലവനും ഒരാളെ കൊലപ്പെടുത്തിയാൽ അത് മനുഷ്യരെ മുഴുവൻ കൊലപ്പെടുത്തിയതിന് തുല്യമാകുന്നു. ഒരാളുടെ ജീവൻ വല്ലവരും രക്ഷിച്ചാൽ അത് മനുഷ്യരുടെ മുഴുവൻ ജീവൻ രക്ഷിച്ചതിന് തുല്യമാകുന്നു" (വി.ഖു. 5:32).

## യുദ്ധവും സമാധാനവും

"യുദ്ധത്തിന് ഇരയാകുന്നവർക്ക് അവർ മർദ്ദിതരായതിനാൽ (തിരിച്ചടിക്കാൻ) അനുവാദം നൽകപ്പെട്ടിരിക്കുന്നു. തീർച്ചയായും അല്ലാഹു അവരെ സഹായിക്കാൻ കഴിവുള്ളവൻ തന്നെയാകുന്നു. യാതൊരു ന്യായവും കൂടാതെ 'ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാകുന്നു' എന്ന് പറയുന്നതിൻെറ പേരിൽ മാത്രം തങ്ങളുടെ ഭവനങ്ങളിൽനിന്ന് പുറത്താക്കപ്പെട്ടവരത്രെ അവർ. മനുഷ്യരിൽ ചിലരെ മറ്റുചിലരെക്കൊണ്ട് അല്ലാഹു തടുക്കുന്നി



ല്ലായിരുന്നുവെങ്കിൽ പല സന്യാസി മഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും യഹൂദ ദേവാലയങ്ങളും അല്ലാഹുവിൻെറ നാമം ധാരാളമായി പ്രകീർത്തിക്കപ്പെടുന്ന മുസ്ലിം പള്ളികളും തകർക്കപ്പെടുമായിരുന്നു. തന്നെ സഹായിക്കുന്നതാരോ അവനെ തീർച്ചയായും അല്ലാഹു സഹായിക്കും. തീർച്ചയായും അല്ലാഹു ശക്തനും പ്രതാപിയും തന്നെയാകുന്നു (22:39,40).

'നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിൻെറ മാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ നിങ്ങൾ പരിധിവിട്ട് പ്രവർത്തിക്കരുത്. പരിധിവിട്ട് പ്രവർത്തിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകതന്നെയില്ല" (വി.ഖു. 2:190).

"ഇനി അവർ (പശ്ചാത്തപിച്ച്, എതിർപ്പിൽനിന്ന്) വിരമിക്കുകയാണെങ്കിലോ, തീർച്ചയായും ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണ് അല്ലാഹു. മർദ്ദനം ഇല്ലാതാവുകയും മതം അല്ലാഹുവിനുവേണ്ടിയാവുകയും ചെയ്യുന്നതുവരെ നിങ്ങൾ അവരോട് യുദ്ധം നടത്തിക്കൊള്ളുക. എന്നാൽ അവർ (യുദ്ധത്തിൽനിന്ന്) വിരമിക്കുകയാണെങ്കിൽ (അവരിലെ) അക്രമികൾക്കെതിരിലല്ലാതെ പിന്നീട് യാതൊരു കയ്യേറ്റവും പാടുള്ളതല്ല" (2:192,193).

"അല്ലാഹുവിൻെറ മാർഗത്തിൽ നിങ്ങൾക്ക് എന്തുകൊണ്ട് യുദ്ധം ചെയ്തുകൂടാ? 'ഞങ്ങളുടെ രക്ഷിതാവേ, അക്രമികളായ ആളുകൾ അധിവസിക്കുന്ന ഈ നാട്ടിൽ നിന്ന് ഞങ്ങളെ നീ മോചിപ്പിക്കുകയും നിൻെറ വകയായി ഒരു രക്ഷാധികാരിയെയും നിൻെറ വകയായി ഒരു സഹായിയേയും ഞങ്ങൾക്കു നീ നിശ്ചയിച്ച് തരികയും ചെയ്യേണമേ' എന്ന് പ്രാർഥിച്ചുകൊണ്ടിരിക്കുന്ന മർദ്ദിച്ചൊതുക്കപ്പെട്ട പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടിയും (നിങ്ങൾക്ക് എന്തുകൊണ്ട് യുദ്ധം ചെയ്തുകൂടാ?) വിശ്വാസികൾ അല്ലാഹുവിൻെറ മാർഗത്തിൽ യുദ്ധം ചെയ്യുന്നു. സത്യനിഷേധികളാകട്ടെ ദുർമൂർത്തികളുടെ മാർഗത്തിൽ യുദ്ധം ചെയ്യുന്നു. അതിനാൽ പിശാചിൻെറ മിത്രങ്ങളുമായി നിങ്ങൾ യുദ്ധത്തിൽ ഏർപ്പെടുക. തീർച്ചയായും പിശാചിൻെറ കുതന്ത്രം ദുർബലമാകുന്നു" (4:75,76).

"ഇനി അവർ സമാധാനത്തിലേക്ക് ചായ്വ് കാണിക്കുകയാണെങ്കിൽ നീയും അതിലേക്ക് ചായ്വ് കാണിക്കുകയും അല്ലാഹുവിൻെറമേൽ ഭരമേൽപിക്കുകയും ചെയ്യുക. തീർച്ചയായും അവനാണ് എല്ലാം കേൾക്കുകയും അറിയുകയും ചെയ്യുന്നത്" (വി.ഖു. 8:61).



## യുദ്ധത്തിൽ പങ്കെടുക്കാത്തവരെ അക്രമിക്കരുത്

"എന്നാൽ നിങ്ങളോട് യുദ്ധം ചെയ്യാതെ വിട്ടൊഴിഞ്ഞ് നിൽക്കുകയും നിങ്ങളുടെ മുമ്പാകെ സമാധാന നിർദേശം വെക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അവർക്കെതിരായി യാതൊരു മാർഗവും അല്ലാഹു നിങ്ങൾക്ക് അനുവദിച്ചിട്ടില്ല" (വി.ഖു. 4:90).

നബി (സ) ഒരു സൈന്യത്തെ അയക്കുമ്പോൾ ഇങ്ങനെ പറയുമായിരുന്നു'ദൈവ നാമത്തിൽ, ദൈവ മാർഗത്തിൽ, ദൈവദൂതൻെറ ചര്യയിൽ' (നിങ്ങൾ നീങ്ങുക). നിങ്ങൾ അതിര് കവിയരുത്. ചതിക്കരുത്, അംഗഭംഗം വരുത്തരുത്. കുട്ടികളെയോ സ്ത്രീകളെയോ വയോവൃദ്ധരെയോ വധിക്കരുത്" (അബൂദാവൂദ്).

*****

**കൂടുതൽ പഠിക്കാൻ**
**നിച്ച് ഓഫ് ട്രൂത്തുമായി ബന്ധപ്പെടുക**

**NICHE OF TRUTH**
Kalabhavan Road, Cochin- 18.
Tel: 2367810, Fax: 91-484-2380746.
Email: islam@nicheoftruth.org
website:www.nicheoftruth.org.

**നിച്ച് ഓഫ് ട്രൂത്ത് കേന്ദ്രങ്ങൾ**

| | |
|---|---|
| TRIVANDRUM: | SPM Complex, Behind Padmanabha Theater, Chalai P.O, Tel: 0471-2571953 |
| KOZHIKKODE: | Sharara Bldg, Mavoor Road, Kozhikode, Tel: 0495-2725078 |
| TIRUR: | Thazhe Palam, Thanur Rd, Tirur-07, Malapuram, Tel: 0494-2431572 |
| PERINTHALMANNA: | Ooty Rd,Perinthalmanna, Malapuram-679 322, Tel: 04933-219367 |
| KOLLAM: | Abura Tourist Home, R.No:102, Parry &Company Jn. Main Road, Kollam Tel: 0474-2750332 (PP) |
| AREACODE: | N.V. Bldg, Mukkam Road,Areacode, Malappuram-673 639, Tel: 0483- 2851825 |
| NILAMBUR: | Behind Masjidul Mujahideen, Old Chandakunnu, Nilambur-679 329, Tel:04931-2219445 (pp) |
| MANNARKAD: | Manayath Complex, Kodthippadi, Mannarkkkad, Palakkad- 678 585, Tel: 224024, 9847305100 |

# ഇസ്ലാം: ശാന്തിയുടെ മതം, നീതിയുടെയും.

"ഇത് (ഖുർആൻ) കൊണ്ട് നീ അവരോട് വലിയൊരു സമരം നടത്തികൊള്ളുക"

(ഖുർആൻ 25:52)

**NICHE OF TRUTH**

### നിച്ച് ഓഫ് ട്രൂത്ത് കേന്ദ്രങ്ങൾ


TRIVANDRUM: SPM Complex, Behind Padmanabha Theater, Chalai P.O, Tel: 0471-2571953

KOZHIKKODE: Sharara Bldg, Mavoor Road, Kozhikode, Tel: 0495-2725078

TIRUR: Thazhe Palam, Thanur Rd, Tirur-07, Malapuram, Tel: 0494-2431572

PERINTHALMANNA: Ooty Rd,Perinthalmanna, Malapuram-679 322, Tel: 04933-219367

KOLLAM: Abura Tourist Home, R.No:102, Parry &Company Jn. Main Road, Kollam Tel: 0474-2750332 (PP)

AREACODE: N.V. Bldg, Mukkam Road,Areacode, Malappuram-673 639, Tel: 0483- 2851825

NILAMBUR: Behind Masjidul Mujahideen, Old Chandakunnu, Nilambur-679 329, Tel:04931-2219445 (pp)

MANNARKAD: Manayath Complex, Kodthippadi, Mannarkkkad, Palakkad- 678 585, Tel: 224024, 9847305100


# ഇസ്‌ലാം: ശാന്തിയുടെ മതം, നീതിയുടെയും.

''ഇത് (ഖുർആൻ) കൊണ്ട് നീ അവരോട് വലിയൊരു സമരം നടത്തികൊള്ളുക''

(ഖുർആൻ 25:52)

NICHE OF TRUTH